## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 680** — **28.09.2011 -ൽ മറുപടിക്ക്**

## സാംക്രമിക രോഗങ്ങൾ തടയുന്നതിനുള്ള കേന്ദ്രധനസഹായം

| | ചോദ്യം<br>ശ്രീ.എസ്.ശർമ്മ | | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>ആരോഗ്യവും കയറും വകുപ്പുമന്ത്രി |
|---|---|---|---|
| (എ) | സാംക്രമിക രോഗങ്ങൾ പടർന്നുപിടിക്കുന്ന സാഹചര്യത്തിൽ പഠനത്തിനായി എത്തിയ കേന്ദ്രസംഘം എവിടെയെല്ലാം പര്യടനം നടത്തി; | (എ) | ജപ്പാൻ ജ്വരം റിപ്പോർട്ട് ചെയ്ത സാഹചര്യത്തിലാണ് കേന്ദ്രസംഘം പഠനത്തിനായി എത്തിയത്. 2011 ജൂലൈ മാസം സംഘം ആലപ്പുഴ ജില്ലയിലെ വിവിധ ഭാഗങ്ങളും, കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളിയിലും പര്യടനം നടത്തുകയുണ്ടായി.<br>മറ്റൊരു കേന്ദ്രസംഘം 23.09.2011 മുതൽ സംസ്ഥാനത്തിന്റെ വടക്കൻ മേഖലകളിൽ എലിപ്പനി റിപ്പോർട്ടുചെയ്തതുമായി ബന്ധപ്പെട്ട് പഠനത്തിനായി എത്തുകയും വയനാട്, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലകളിൽ പഠനം നടത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പഠനസംഘത്തിന്റെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; അതിന്റെ അടിസ്ഥാനത്തിൽ കേന്ദ്രം ധനസഹായം നൽകിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ? | (ബി) | 2011 ജൂലൈ മാസത്തിലെ പഠനത്തിന്റെ കരട് റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. പക്ഷേ ഇതുവരെ കേന്ദ്രസഹായം ലഭ്യമായിട്ടില്ല. 23.09.2011 മുതൽ പഠനം നടത്തിയ കേന്ദ്രസംഘത്തിന്റെ റിപ്പോർട്ട് ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ